**ജനുവരി 10, 2014**

# മികച്ച ഭരണത്തിനായി രാജ്യം കാത്തിരിക്കുന്നു

**അരുൺ ജെയ്റ്റ്ലി**

**പ്രതിപക്ഷ നേതാവ് (രാജ്യസഭ)**

മികച്ച ഭരണമെന്ന ബിജെപിയുടെ വലിയ ആശയത്തിനായി രാജ്യം കാത്തിരിക്കുകയാണ്.ഒരു മാസം മുമ്പ് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിന്റെ ഫലം പ്രഖ്യാപിച്ചപ്പോൾ മുതൽ ദേശീയ രാഷ്ട്രീയത്തിന്റെ അജണ്ടയിൽ പ്രബലമായ മാറ്റമുണ്ടായിട്ടുണ്ട്.

പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി നരേന്ദ്രമോദിയെ പ്രഖ്യപിച്ചപ്പോൾ പല സംശയങ്ങളും ഉയർന്നിരുന്നു. എല്ലാവരും ഒത്തൊരുമിച്ച് മോദിയെ പിന്തുണയ്ക്കുമോയെന്നും ബിജെപിക്ക് അതിന് കഴിവുണ്ടോയെന്നുമുള്ള സംശയങ്ങൾ ഉയർന്നിരുന്നു. നരേന്ദ്രമോദിയെ പ്രധാനമന്ത്രിയായി പ്രഖ്യാപിച്ചതിനുശേഷം സാക്ഷ്യം വഹിച്ചത് അദ്ദേഹത്തിനുള്ള വർദ്ധിച്ചു വരുന്ന പിന്തുണയ്ക്കു തന്നെയാണ്. പാർട്ടി പ്രവർത്തകരുടെയും അദ്ദേഹത്തിന്റെ അനുയായികളുടേയും ആവേശം വലുതായിരുന്നു. പ്രധാനമന്ത്രി സ്ഥാനാർത്ഥിയെന്ന നിലയിൽ മോദിയുടെ റേറ്റിങ്ങും റെക്കോഡുയരത്തിലെത്തി. 2013ൽ നടന്ന നിയമസഭാ തെരഞ്ഞെടുപ്പ് മോദിയും രാഹുലും തമ്മിലുള്ള മത്സരമാണെന്ന് ചിലർ വരുത്തിതീർത്തു. എന്നാൽ മോദിക്കും ബിജെപിക്കും ഉറച്ച തീരുമാനമുണ്ടായിരുന്നു. പുതിയ എതിരാളികളെന്ന നിലയിൽ ആം ആദ്മിയുടെ ഉദയത്തിനാണ് ദൽഹി തെരഞ്ഞെടുപ്പ് സാക്ഷ്യം വഹിച്ചത്. അവസാന ഒരു മാസം ആംആദ്മി മാധ്യമങ്ങളിൽ നിറഞ്ഞു നിന്നു.

ആം ആദ്മിയുടെ സർക്കാരിന്റെ തെരഞ്ഞെടുപ്പ് വിജയം അത്ര വലിയ പ്രചോദനം നൽകുന്നതല്ല. ആഗോള നഗരമായ ദൽഹിയിലെ ഇടപെടലുകളിൽ യാതൊരു അജണ്ടയും ഇല്ലായിരുന്നുവെന്നും ജെയ്റ്റ്ലി കുറ്റപ്പെടുത്തി. മന്ത്രിമാർ ഏത് വാഹനത്തിലാണ് യാത്രചെയ്യുന്നത്, ഏതുതരം വീടാണ് അവർ തെരഞ്ഞെടുക്കുന്നത്, ജനങ്ങളുമായും മറ്റ് പ്രവർത്തനങ്ങളിലും അവർ എങ്ങനെ ഇടപെടുന്നു എന്നീ കാര്യങ്ങളിലാണ് ദൽഹിയിലെ പ്രർത്തനങ്ങൾ കേന്ദ്രീകരിച്ചിരിക്കുന്നത്. ഇതൊക്കെയാണ് മാധ്യമങ്ങളിൽ വരുന്നത്. സാധരണക്കാരുടെ ജീവിത നിലവാരം അവർ ഉയർത്തുന്നില്ലെന്നും ജെയ്റ്റ്ലി കുറ്റപ്പെടുത്തി. ഇത്തരം തന്ത്രങ്ങൾക്ക് ദീർഘകാലം നിലനിൽപ്പുണ്ടാകില്ല. രാജ്യത്തെ വിവിധഭാഗങ്ങളിൽ ഉദയംകൊണ്ട പാർട്ടിയുടെ ആയുസ് ക്ഷണനേരം മാത്രമേ ഉണ്ടാകൂ എന്ന കാര്യം ആരും നിഷേധിക്കില്ല.

അഴിമതി ഭരണം എന്ന അജണ്ടയിൽ മാറ്റം വരുത്താനാണ് ആം ആദ്മി ശ്രമിക്കുന്നത്. എന്നാൽ കോൺഗ്രസിന്റെ അഴിമതിക്കഥകൾ അവർ പറയുന്നില്ല. 2ജി സ്പെക്ട്രം, സിഡബ്ല്യുജി, കൽക്കരി അഴിമതി എന്നിവയെക്കുറിച്ചൊന്നും ആം ആദ്മി പരാമർശിക്കുന്നല്ല. അഴിമതി ഭരണത്തിൽ നിന്നും ശ്രദ്ധ തിരിക്കുന്ന നിലപാടാണ് ഇവരുടേത്.

മൂന്ന് സന്ദേശങ്ങളാണ് കഴിഞ്ഞ തെരഞ്ഞെടുപ്പിലൂടെ ലഭിച്ചത്. വരാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ നിന്ന് കോൺഗ്രസ് പുറത്താക്കപ്പെട്ടു എന്നതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. ആംആദ്മി അവരുടെ സാന്നിധ്യമറിയിച്ചു എന്നത് രണ്ടാമത്തെ സന്ദേശം, പ്രധാനമന്ത്രി സ്ഥാനാർത്ഥിയെന്ന നിലയിൽ മോദിക്കുള്ള ദേശീയ അംഗീകാരം വർധിച്ചുവെന്നതാണ് മൂന്നാമത്തെ സന്ദേശം. തങ്ങളുടെ വിജയം ഉറപ്പിക്കുക എന്നതാണ് ബിജെപിക്കു മുന്നിലുള്ള വെല്ലുവിളി. സ്ഥാനാർത്ഥികളും സംഘടനാ ഘടനയും തങ്ങളുടെ വിശ്വാസ്യതയ്ക്ക് ആത്മവിശ്വാസം പകരുന്നുണ്ട്. കോൺഗ്രസിനെ പുറത്താക്കി ബിജെപി മുന്നിലെത്തിയിരിക്കുന്നു. മോദിക്കുവേണ്ടിയുള്ള പ്രചാരണ പരിപാടികൾ ഇന്ത്യയുടെ അജണ്ടയുമായി ഇഴുകി ചേർന്നിരിക്കുന്നു. വലിയ ആശയങ്ങളുള്ള വ്യക്തവും സ്പഷ്ടവുമായ അജണ്ടയാണ് ആവശ്യം. ഇത്തരം വലിയ ആശയങ്ങൾക്ക് മങ്ങലേൽപ്പിക്കുന്ന നിലപാടാണ് പുതിയ പാർട്ടിക്കുള്ളത്. അഴിമതിക്കെതിരെ നേരിയ ശ്രദ്ധ മാത്രമാണ് ഇവർക്കുള്ളത്. കോൺഗ്രസിന്റെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയുടെ റേറ്റിങ് വളരെ മോശമാണ്. കോൺഗ്രസിലെ മുതിർന്ന നേതാക്കൾക്കുപോലും അതിനോട് യോജിപ്പില്ല.

കോൺഗ്രസിന്റെ ആനുകൂല്യത്തിലാണ് ആംആദ്മി ദൽഹിയിൽ അധികാരത്തിലേറിയത്. ബിജെപി വിരുദ്ധരായ പ്രവർത്തകർക്കുപോലും കോൺഗ്രസസിലുള്ള വിശ്വാസം നഷ്ടപ്പെട്ടു. കോൺഗ്രസ് ദുർബലമാകുമ്പോൾ ആർക്കാണ് നേട്ടമുണ്ടാകുന്നത്. ബിജെപിയെ സംബന്ധിച്ചിടത്തോളം ഇത് വ്യത്യസ്തമായ ഒരു അവസരമാണ്. അതുകൊണ്ടു തന്നെ ഈ അവസരം തങ്ങൾ നഷ്ടപ്പെടുത്തില്ല. ബിജെപിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായ നരേന്ദ്രമോദി തന്നെയാണ് ഏറ്റവും അംഗീകരിക്കപ്പെട്ട പ്രധാനമന്ത്രി സ്ഥാനാർത്ഥി. ഇന്ത്യയുടെ ഭാവി അജണ്ടയിലേക്കുള്ള വലിയ ആശയമാണ് തങ്ങളുടെ പാർട്ടിയും നേതാവും പകർന്നു നൽകുന്നത്.